സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതികം - വിദ്യാഭ്യാസം - ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ഗ്രേഡ് II ഇലക്ട്രോണിക്സ് എൻജിനിയറിങ് വിഭാഗം തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

അക്കാദമിക് (എ) വിഭാഗം

നം: EC4/41911/17/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 03.02.2021

വായന:- 1. സർക്കാർ ഉത്തരവ് നം. ജി. ഓ. (പി) 503/2012/എച്ച്.ഇഡി.എൻ, തീയതി 12-10-2012
2. ഈ ആഫീസിലെ സർക്കുലർ നമ്പർ ഇ.ജി.3/30553/20/ഡി. ടി. ഇ തീയതി 01-02-2021

**ഉത്തരവ്**

ഈ വകുപ്പിലെ ഇലക്ട്രോണിക്സ് എൻജിനിയറിംഗ് വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ /ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ്II തസ്തികകളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർമാരിൽ നിന്നുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ ഒരു ഒഴിവാണ് സൂചന ഒന്നിലെ വിശേഷാൽ ചട്ട പ്രകാരം തസ്തിക മാറ്റം വഴി നികത്തപ്പെടേണ്ടത്. മേൽ സാഹചര്യത്തിൽ തസ്തിക മാറ്റ നിയമനത്തിനായി സൂചന 2 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥരെ 29200-62400/- രൂപ ശമ്പള സ്കെയിലിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 റൂൾ 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി ഡെമോൺസ്ട്രേറ്റർ/വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II ഇലക്ട്രോണിക്സ് എൻജിനിയറിംഗ് വിഭാഗം തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 01 | ശ്രീ. സുനിൽ ദാസ് കെ.ആർ , ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II (ഇലക്ട്രോണിക്സ്), സർക്കാർ പോളിടെക്നിക് കോളേജ്, ചേർത്തല | **സർക്കാർ പോളിടെക്നിക് കോളേജ്,കടുത്തുരുത്തി** (തുറന്ന ഒഴിവ്) |

തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥന്റെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്.

ഒപ്പ് /-

ശശികുമാർ കെ.എൻ
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്
1)ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്/ഉദ്യോഗ്സ്ഥർക്ക് (ഡി.റ്റി.ഇ.ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

Draft #21 of File EC4/41911/17/DTE Approved by Senior Joint Director (PS) on 03-Feb-2021 01:06 PM - Page 1